# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1270 06.02.2020 ൽ മറുപടിക്ക്**

## എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ അനദ്ധ്യാപക തസ്തികകൾ

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള വിദ്യാഭ്യാസ ചട്ടപ്രകാരം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്ന WP(C) No.29618/2005 5835/2013, 7385/2013,7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതിയിലെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്) നം.220/2015/പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. |
| (ബി) | ഹയർ സെക്കന്ററി ഡയറക്ടർ അംഗീകരിച്ച അനദ്ധ്യാപക തസ്തികകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ 2017-ൽ ഉണ്ടായ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്, പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് മൂലമുണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാധ്യത കണക്കിലെടുത്താണ് ഈ വിഷയത്തിൽ സർക്കാർ അപ്പീൽ നൽകിയത്. |
| (സി) | പ്രസ്തുത അപ്പീലിന്മേൽ ഡിവിഷൻ ബെഞ്ചിന്റെ വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്നും പ്രസ്തുത വിധി എന്നത്തേക്ക് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | ഉണ്ട്, 17/08/2015 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ